## 15 -ാം കേരള നിയമസഭ

## 2 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2725** **03-08-2021 - ൽ മറുപടിയ്ക്ക്**

## ഹരിത കേരളം പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പിറവം മണ്ഡലത്തിൽ ഹരിത കേരളം പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (എ) | ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ പിറവം മണ്ഡലത്തിലെ രാമമംഗലം, തിരുമാറാടി, പാമ്പാക്കുട, ആമ്പല്ലൂർ, എടയ്ക്കാട്ടുവയൽ എന്നീ ഗ്രാമപഞ്ചായത്തുകളിൽ പരിസ്ഥിതി പുനഃസ്ഥാപനം എന്ന ഹരിതകേരളം ലക്ഷ്യം നടപ്പിലാക്കുന്നതിന് 'പച്ചത്തുരുത്തുകൾ' നിർമ്മിച്ചിട്ടുണ്ട്. |
| (ബി) | ഇതിൽ ഉൾപ്പെടുത്തി മണ്ഡലത്തിൽ ഏതെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ; | (ബി) | പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി പച്ചക്കറി വിത്ത്, തൈ, സ്പ്രെയർ, പമ്പ്സെറ്റ്, ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി, പന്തൽ കൃഷി, ഗ്രോ ബാഗ് കൃഷി, മഴമറ എന്നിവയ്ക്കായി പിറവം നിയോജക മണ്ഡലത്തിലെ പിറവം ബ്ലോക്ക്പരിധിയിൽ 34,10,000/- രൂപയും, മുളന്തുരുത്തി ബ്ലോക്ക് പരിധിയിൽ 22,20,000/- രൂപയും, തിരുവാങ്കുളം ഗ്രാമ പഞ്ചായത്ത് പരിധിയിൽ 2,33,000/- രൂപയും അനുവദിച്ചിട്ടുണ്ട്. സുഭിക്ഷകേരളം പദ്ധതിയിൽ തരിശുനില പച്ചക്കറി, മഴമറകൃഷി എന്നിവയ്ക്കായി പിറവം നിയോജക മണ്ഡലത്തിലെ പിറവം ബ്ലോക്ക് പരിധിയിൽ 3,50,000/- രൂപയും മുളന്തുരുത്തി ബ്ലോക്കിന് 4,04,600/- രൂപയും അനുവദിച്ചിട്ടുണ്ട്. ഭാരതീയ പ്രകൃതി കൃഷി പദ്ധതിയുടെ ഭാഗമായി (BPKP) കിസാൻ മേള, പിജിഎസ് സർട്ടിഫിക്കേഷൻ,ഡിബിടി വഴി കർഷകർക്ക് നേരിട്ടുള്ള സഹായം, ഫാർമർ ഇൻടസ്റ്റ് ഗ്രൂപ്പ് 1 (ജൈവ-ജീവാണു വളം കീടനാശിനികളുടെ നിർമ്മാണം), ഗ്രൂപ്പ് 2 (മൂല്യ വർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണം) പരമ്പരാഗത നാട്ടറിവ് സംരക്ഷണ തോട്ടങ്ങൾ, പരമ്പരാഗത കാർഷിക വിളകളുടെ മാതൃക സംരക്ഷണ തോട്ടങ്ങൾ, സാധാരണ മാതൃക തോട്ടങ്ങൾ എന്നീ ഘടകങ്ങൾ എല്ലാം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പിറവം നിയോജക മണ്ഡലത്തിലെ പിറവം ബ്ലോക്ക് |

| | | | |
|---|---|---|---|
| | | | പരിധിയിൽ 25,98,000/- രൂപയും മുളന്തുരുത്തി ബ്ലോക്കിലേക്കായി 25,04900/- രൂപയും തിരുവാങ്കുളം ഗ്രാമപഞ്ചായത്തിലേക്കായി 1,09,000/- രൂപയും അനുവദിച്ചിട്ടുണ്ട് സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പദ്ധതി പ്രകാരം വാഴ,പൈനാപ്പിൾ,പ്ലാവ്,മാവ്,ടിഷ്യുകൾച്ചർ വാഴ,ഡ്രാഗൺ ഫ്രൂട്ട്,ഞാവൽപഴം എന്നിവയുടെ വിസ്തൃതി വ്യാപനത്തിന് പിറവം നിയോജക മണ്ഡലത്തിലെ പിറവം ബ്ലോക്ക് പരിധിയിൽ 5,50,000/. രൂപയും മുളന്തുരുത്തി ബ്ലോക്ക് പരിധിയിൽ 3,72,000/- രൂപയും തിരുവാങ്കുളം ഗ്രാമപഞ്ചായത്തിലേക്കായി 2250/- രൂപയും അനുവദിച്ചിട്ടുണ്ട്. പവർ ടില്ലർ വാങ്ങുന്നതിനായി 50,000 രൂപയും പുല്ലുവെട്ടി യന്ത്രം വാങ്ങുന്നതിനു 12,000/- രൂപയും സ്പ്രേയർ വാങ്ങുന്നതിനു 1200/- രൂപയും തിരുവാങ്കുളം ഗ്രാമപഞ്ചായത്ത് പരിധിയിൽ അനുവദിച്ചിട്ടുണ്ട് . പിറവം നിയോജക മണ്ഡലത്തിലെ പിറവം ബ്ലോക്ക് പരിധിയിൽ സംരക്ഷിതകൃഷിക്കായി 8,60,000/- രൂപയും മുളന്തുരുത്തി ബ്ലോക്കിന് 1,06,500/- രൂപയും തിരുവാങ്കുളം ഗ്രാമപഞ്ചായത്ത് പരിധിയിൽ 1760/- രൂപയും അനുവദിച്ചിട്ടുണ്ട് പിറവം നിയോജക മണ്ഡലത്തിലെ പിറവം ബ്ലോക്ക് പരിധിയിൽ മണ്ണിര കമ്പോസ്റ്റിനായി 50,000/-രൂപയും കാർഷിക യന്ത്രവത്കരണത്തിനായി 3,70,000/- രൂപയും അനുവദിച്ചിട്ടുണ്ട്. പിറവം നിയോജക മണ്ഡലത്തിലെ മുളന്തുരുത്തി ബ്ലോക്ക് പരിധിയിൽ പോളി ഹൗസ് കൃഷിയിലെ സങ്കരയിനം പച്ചക്കറി കൃഷിക്കായി 28000/-രൂപയും കാർഷികയന്ത്രവൽക്കരണത്തിന് 3,21,100/- രൂപയും, കൂൺകൃഷിക്ക് പ്രോസസിങ്ങ് യുണിററ് പദ്ധതിയും നടപ്പിലാക്കി വരുന്നു. |
| (സി) | സമഗ്ര നെൽകൃഷി വികസനത്തിന് കൂടുതൽ ഊന്നൽ നൽകുന്ന പദ്ധതി മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (സി) | പിറവം നിയോജക മണ്ഡലത്തിലെ പിറവം ബ്ലോക്ക് പരിധിയിൽ നെൽകൃഷി വികസനത്തിന് ഊന്നൽ നൽകികൊണ്ട് തരിശു നെൽകൃഷിക്ക് 4,00,000/- രൂപയും സുസ്ഥിരനെൽകൃഷി വികസനത്തിന് 15,51,000/- രൂപയും പാടശേഖര സമിതികൾക്കുള്ള സഹായമായി 86,400/- രൂപയും മണ്ണ് പരിപോഷണത്തിനുള്ള കുമ്മായ വിതരണത്തിനായി 14,63,400/-, രൂപയും അനുവദിച്ചിട്ടുണ്ട്. മുളന്തുരുത്തി ബ്ലോക്ക് പരിധിയിൽ തരിശു നെൽകൃഷിക്കു 7,81,660/- രൂപയും നെൽകൃഷിക്കു കുമ്മായം നൽകുന്ന സോയിൽഹെൽത്ത് മാനേജ്മെന്റ് പദ്ധതികൾക്കായി 73,44,000/- രൂപയും അനുവദിച്ചിട്ടുണ്ട്. സമഗ്രനെൽകൃഷി വികസനത്തിനായി മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് തോട്ടറ പുഞ്ചയിലെ അടിസ്ഥാന |

| | | | |
|---|---|---|---|
| | | | സൗകര്യം വർദ്ധിപ്പിക്കുന്നതിലേക്കായി എടയ്ക്കാട്ടുവയൽ,ആമ്പല്ലൂർ പഞ്ചായത്തുകളുമായി സഹകരിച്ച് തോട്ടറപുഞ്ചയിലെ പാടശേഖരങ്ങൾക്ക് 20,00,000/- രൂപയുടെ പദ്ധതികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ